# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 65 13.06.2012 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ബാധിതർക്ക് ദുരിതാശ്വാസം

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, കെ. കെ. നാരായണൻ<br>,, ബി. ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ താഴെപ്പറയുന്നു.<br><br>1.എൻഡോസൾഫാൻ ദുരിതംമൂലം മരിച്ചവരുടെ ആശ്രിതർക്കും പൂർണ്ണമായി കിടപ്പിലായവർക്കും 5 ലക്ഷം രൂപയും അംഗവൈകല്യം സംഭവിച്ചവർക്ക് 3 ലക്ഷം രൂപയും ധനസഹായം നൽകുക.<br>2. എൻഡോസൾഫാൻ പ്രശ്നങ്ങൾ ഉണ്ടെന്ന് പറയുന്ന പാലക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സർവേ നടത്തുക.<br>3.എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസ ആശ്വാസ പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുക.<br>4.രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഗുരുതരമായി എൻഡോസൾഫാൻ ബാധിച്ച കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിലെ പി.എച്ച്.സി. കളെ സി.എച്ച്.സി. കളായി ഉയർത്തുക. |
| (ബി) | എൻഡോസൾഫാൻ ഇര ആയവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.<br>1.മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി 28,200 രോഗികളെ സ്ക്രീൻ ചെയ്യുകയും 4,880 |

| | | | |
|---|---|---|---|
| | | | രോഗികളെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽപ്പെടുത്തുകയും ചെയ്തു.<br>2. സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ സംസ്ഥാനത്തിനകത്തും മംഗലാപുരത്തുമുള്ള 12 ആശുപത്രികളിൽ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു. 3,720 രോഗികൾക്ക് സ്മാർട്ട്കാർഡുകൾ ഇതിനകം നൽകി. 40 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് സൗജന്യ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 11 പഞ്ചായത്തുകൾക്കായി 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>4. കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തി.<br>5.എൻഡോസൾഫാൻ ദുരിതബാധിതമായ 11 പഞ്ചായത്തുകളിൽ മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാണ്. ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഇതുവഴി ലഭ്യമാക്കി വരുന്നു.<br>6. കാസർഗോഡ് ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.<br>7.പൂർണ്ണമായി കിടപ്പിലായവർക്ക് 2,000/- രൂപയും അല്ലാത്തവർക്ക് 1,000/- രൂപയും പ്രതിമാസം പെൻഷൻ ഏർപ്പെടുത്തി.<br>8. ദുരിതബാധിതർക്ക് സൗജന്യറേഷൻ ഏർപ്പെടുത്തി.<br>9. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 1.17 കോടി രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | 10. എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കായി 22 സ്റ്റാഫ് നഴ്സ്, 69 ഫീൽഡ് സ്റ്റാഫ്, 11 ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം 11 പഞ്ചായത്തുകളിൽ ലഭ്യമാക്കി.<br>11. കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 1808 കുട്ടികൾക്ക് 1000, 2000, 2500 രൂപ നിരക്കുകളിൽ 2011-12 അദ്ധ്യയനവർഷം സ്കോളർഷിപ്പ് നൽകി.<br>12. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം പൂർണ്ണമായി കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപയും , മറ്റ് വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപയും നൽകാൻ ഉത്തരവായി.<br>13.എൻഡോസൾഫാൻ രോഗികളുടെ പുനരധിവാസത്തിനായി 7 ബഡ്സ് സ്കൂളുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു. |

(signature)

സെക്ഷൻ ഓഫീസർ